For Private Circulation Only

June 2025

ആഗമനം

HOLY BIBLE

Vol.72 | “ സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവുമായുള്ളോവേ നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും.....ഞാൻ നിന്നെ വാഴ്ത്തുന്നു ” (മത്താ. 11:12) | No.6

ദൈവത്തെക്കുറിച്ചുള്ള ഒരു ശരിയായ കാഴ്ചപ്പാട്

By Richard Owen Roberts

ഒരു ശക്തമായ ബന്ധം നിലനിൽക്കുന്നത് എങ്ങനെയെന്നാൽ, ദൈവത്തെക്കുറിച്ചുള്ള അവരുടെ ചിന്താഗതി എന്ത്, നിങ്ങളെക്കുറിച്ചു തന്നെയുള്ള ചിന്താഗതി എന്ത്, പാപത്തെക്കുറിച്ചുള്ള അവരുടെ ചിന്താഗതി എന്ത്, രക്ഷയെക്കുറിച്ചുള്ള അവരുടെ ചിന്താഗതി എന്ത് എന്നതിന്റെ അടിസ്ഥാനത്തിലാണ്.

ദൈവവചനത്തിൽ ദൈവം തന്നെക്കുറിച്ച് തന്നെ പ്രസ്താവിച്ചിരിക്കുന്ന പ്രസ്താവനകൾ കാണാം. “ ഞാൻ ആകുന്നവൻ ഞാനാകുന്നു ” (പുറ. 3:14). “ യഹോവയായ ഞാൻ മാറാത്തവൻ ” (മലാ. 3:6); “ ഞാൻ വിശുദ്ധൻ ആകുന്നു ” (1പത്രൊ. 1:16); “ ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ ” (യിരെ. 46:10); “ ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു ” (വെളി. 2:2); “ ഞാൻ എന്റെ വൈരികളോട് പകരം വീട്ടി എന്റെ ശത്രുക്കളോട് പ്രതികാരം നടത്തും” (യെശ. 1:24). ദൈവമായ കർത്താവ് ഒരിക്കലും പാപത്തെക്കുറിച്ച് ലഘുവായോ, മാനസാന്തരപ്പെടാത്തവരെക്കുറിച്ച് പൂശിപ്പറയുകയോ ചെയ്തിട്ടില്ല. താൻ ഒരിക്കലും മനുഷ്യനുമായി താരതമ്യപ്പെടുത്തി സംസാരിച്ചിട്ടില്ല, പിന്നെയോ, എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും എന്റെ വഴികൾ നിങ്ങളുടെ വഴികളിലും വ്യത്യസ്തമായിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു.

ദൈവം നമ്മിൽ നിന്നും ഒന്നും ആവശ്യപ്പെടുന്നില്ല, എന്നാൽ, നമ്മിൽ ചിലത് ചെയ്യുവാൻ അവിടുന്ന് നമ്മെ കാത്തിരിക്കുന്നു. നമ്മുടെ ജീവിത രീതിയുമായി പൊരുത്തപ്പെടാൻ ദൈവം ആഗ്രഹിക്കുന്നില്ല, എന്നാൽ നമ്മുടെ വഴികൾ അവിടുത്തെ വഴികളോട് പൊരുത്തപ്പെട്ടു പോകുവാൻ അവിടുന്ന് ആവശ്യപ്പെടുന്നു. അനേകരുടെ ചിന്തകൾക്ക് വിരുദ്ധമായി, ദൈവത്തിന് അനുരജ്ഞനത്തിന്റെ വഴിയിലല്ല, അധികം അധികാരത്തോടെ, എന്നാൽ നീതിയോടും വിശ്വസ്തതയോടും, അവിടുന്ന് ഭൂമിയിൽ പ്രളയം അയച്ചപ്പോഴും, നോഹയുടെ കാലത്തെ ആളുകളെ നശിച്ചപ്പിപ്പോഴും, സോദോമിലും ഗോമോറയിലും ആകാശത്തു നിന്നു തീയും ഗന്ധകവും അയച്ചപ്പോഴും തന്റെ അധികാരം വെളിപ്പെടുത്തുന്നു. താഴ്മയുള്ളവനായി വന്ന യേശു, ദൈവത്തിന്റെ തനി വെളിപ്പാടാണ് ”, “ശാസ്ത്രിമാരും, പരീശന്മാരും, കപട ഭക്തിക്കാരുമായുള്ളോരേ നിങ്ങൾക്ക് ഹാ കഷ്ടം! “ അവിടുന്ന് ചോദിക്കുന്നു, “ സർപ്പ സന്തതികളേ, എങ്ങനെ ദൈവത്തിന്റെ ന്യായവിധിയിൽ നിന്നും തെറ്റി ഒഴിയും. ഇതേ കർത്താവു തന്നെ കോരസിനോടും ബേത്ത്സയിദേനോടും ഇങ്ങനെ പറഞ്ഞു. “ എന്നാൽ ന്യായവിധി ദിവസത്തിൽ നിങ്ങളെക്കാൾ സോരിലും സീദോനിലും സഹിക്കാവതാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു” (മത്താ. 11:21,22). അതേ സമയം താക്കീത് നൽകുന്നു, നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ പാതാളം വരെ താണുപോകും; നിന്നിൽ നടന്ന വീര്യപ്രവൃത്തികൾ സോ ദോമിൽ നടന്നിരുന്നു എങ്കിൽ അതു ഇന്നുവരെ നില്ക്കുമായിരുന്നു. എന്നാൽ ന്യായവിധി ദിവസത്തിൽ നിന്നെക്കാൾ സോദോമ്യരുടെ നാടിനു സഹിക്കാവതാകും എന്ന് ഞാൻ നിങ്ങളോട് പറയുന്നു ” (മത്താ. 11; 23,24).

ഒരിക്കലും മറക്കരുത്, “ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്ന നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിചെയ്യുന്നു; ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിനും മനസ്ഥാപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു ” (യെശ. 57:15).

സ്വയത്തെക്കുറിച്ചുള്ള ഒരു ശരിയായ കാഴ്ചപ്പാട്

ദൈവത്തെക്കുറിച്ചുള്ള ദൈവവചനത്തിലുള്ള ഉന്നതമായ കാഴ്ചപ്പാടിന്റെ മുമ്പിൽ നമ്മുടെ സ്വയത്തിന്റെ കാഴ്ചപ്പാട് വളരെ താഴ്ന്ന നിലവാരമാണുള്ളത്. ഒരു മനുഷ്യനും അവിടുത്തെ മഹിമയുടെ മുമ്പിൽ ഏതുമില്ല, അവിടുന്ന് മാത്രമാണ് ഉന്നതൻ. തന്നെത്താൻ ഉയർത്തുന്ന മനുഷ്യന്റെ കാഴ്ചപ്പാടിൽ ദൈവത്തെ അവൻ താഴ്ത്തി കെട്ടുന്നു. പ്രശ്നം എന്നത്, മനുഷ്യന്റെ അഹങ്കാരം, ദൈവത്തിന്റെ ഉന്നതമായ മഹത്വത്തിന്റെ മുമ്പിൽ വിലപ്പോവുകയില്ല. മനുഷ്യൻ അനുദിന ജീവിതത്തിൽ പാപം ചെയ്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് അവനെ പാപത്തിന്റെ വാഹകൻ എന്ന് വിളിക്കുന്നു. അഹങ്കാരം പാപമാണ്. അത് അഹങ്കാരികളായ പാപികൾക്കെതിരെയും, അഹങ്കാരികളായ പാപികൾക്കും താഴ്മയുള്ള വിശുദ്ധന്മാർക്കു എതിരെയും, അഹങ്കാരികളായ പാപികൾക്കും ദൈവത്തിനും എതിരേയും വ്യർത്ഥ മതിലുകൾ കെട്ടിപ്പൊക്കുന്നു.

പാപത്തെക്കുറിച്ചുള്ള ഒരു ശരിയായ കാഴ്ചപ്പാട്

സ്വയത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് അപകടകരമായ പാപത്തിലേക്ക് വഴിതിരിക്കുന്നു. അഹങ്കാരിയായ ഒരു പാപി തന്റെ ഇഷ്ടം അവൻ തെരഞ്ഞെടുക്കുന്നു. അവന്റെ അഹങ്കാരം, പാപത്തെക്കുറിച്ചുള്ള ദൈവിക പ്രമാണത്തിനു മുമ്പിൽ മുട്ടുമടക്കുവാൻ അവനെ സമ്മതിക്കുന്നില്ല. ദൈവത്തിന്റെ താക്കീതുകളെയും മുന്നറിയിപ്പുകളെയും അവൻ അവഗണിക്കുന്നു. പ്രതീക്ഷിക്കുന്ന നിലയിൽ, ദൈവത്തിന് സമർപ്പിക്കുന്ന നല്ലതും തീയതും തിരിച്ചറിയാനുള്ള കഴിവ് അവനില്ല, പത്തുകല്പനകൾ പോലെ എഴുതപ്പെട്ട പ്രമാണ

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ശക്തനായ നമ്മുടെദൈവം

ങ്ങളില്ല. മറ്റുള്ളവരെ ശ്രദ്ധിപ്പാനുള്ള കഴിവില്ല, പ്രാചകന്മാരായി, പുരോഹിതന്മാരയി, ഉപദേഷ്ടാക്കന്മാരായി, എന്തു ചെയ്യരുത്, എന്തു ചെയ്യണം എന്ന് പഠിപ്പിക്കുന്നവരെ മനസിലാക്കുവാനുള്ള കഴിവ് അവനില്ല. അവന്റെ അഹങ്കാരത്തിൽ, എല്ലാം വെറുക്കപ്പെട്ട പാപങ്ങളെയും ചെയ്തു, കഴിഞ്ഞ തലമുറയിൽ ജനം ചെയ്ത എല്ലാ പാപവഴിയിലൂടെയും നടന്ന്, എല്ലാ അതിരുകളെയും കടന്ന് ജീവിച്ചു. എന്നാൽ, ദൈവക്രോധം അവരുടെമേൽ മുഴുത്തു വന്നിരിക്കുന്നു. (1തെസ്സ. 2:16). എന്നാൽ ദൈവത്തിന്റെ അന്ത്യമായ വിധി ഇതുവരെയും വന്നിട്ടില്ല, മറ്റുള്ളവർ തങ്ങളുടെ വഴികളിൽ ആകൃഷ്ടരായി അതിക്രമങ്ങളിലും പാപങ്ങളിലും രസിക്കുന്നു. അഹങ്കാരം ലോകത്തെയും സഭയെയും പിടിച്ചടക്കി, പാപത്തിന് പുതിയ വ്യാഖ്യാനങ്ങൾ നൽകി. അധ:പതിച്ച് സൈന്യത്തെപ്പോലെ വെട്ടിക്കിളികളെ കൊണ്ട് ദേശം നിറഞ്ഞിരിക്കുന്നു.

രക്ഷയെക്കുറിച്ചുള്ള ഒരു പുതിയകാഴ്ചപ്പാട്

പാപത്തെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാടുകൾ സ്വാഭാവികമായി രക്ഷയെക്കുറിച്ചു ഒരു തെറ്റായ കാഴ്ചപ്പാടിലേക്ക് നയിക്കും. എന്നാൽ, മാനുഷികമായ വ്യാഖ്യാനത്തിൽ, പാപം ഒരു നിസാരഫലമാണ്, ദൈവത്തിന്റെ ആവശ്യകത പാടെ അവഗണിച്ചും പാപം എന്നത് ഒരു നിസാര സംഭവമെങ്കിൽ, രക്ഷയുടെആവശ്യത്തെക്കുറിച്ചും നിസാരമായി ചിന്തിക്കുന്നു. ദു:ഖത്തോടെ പറയട്ടെ, ക്രിസ്ത്യാനികളുടെയിടയിൽപോലും രക്ഷയുടെ ആവശ്യത്തെക്കുറിച്ചു നിശ്ചയമില്ല.

ദൈവത്തെക്കുറിച്ചു ശരിയായ കാഴ്ചപ്പാട് നമുക്കണ്ടെങ്കിൽ, സ്വയത്തിന്റെ സ്ഥാനം വളരെ താണതായിരിക്കും, എന്താണ് മുന്നോട്ടുള്ളത് എന്ന് നാം ശരിയായ അറിവ് പ്രാപിക്കും. ഈ ചിന്താഗതി നിരാശയിലേക്ക് നമ്മെ നയിക്കുന്നതിന് പകരം, അവിടുന്ന് നമ്മുടെ ഹൃദയങ്ങളിൽ വാഴുന്നു എന്ന ചിന്താഗതിയുണ്ടാകും. ഈ കാഴ്ചപ്പാട് നമ്മെ പിതാവിൽ നിന്നുള്ള നമ്മുടെ അകലം കുറച്ച് തന്റെ കൃപയുടെ അനുഭവത്തിൽ നമ്മെ സംതൃപ്തരാക്കും. ദൈവത്തിനുവേണ്ടിയുള്ള വിശപ്പും ദാഹവും നമ്മിൽ ശക്തിപ്പെടുമ്പോൾ, തന്റെ ദയയും വിശ്വസ്തതയും നമ്മെ തങ്കലേക്കു വലിച്ചു അടുപ്പിക്കും. ഈ സാഹചര്യത്തിൽ, നമ്മുടെ സ്വന്ത നിലവാര്ത്തിൽ പാപത്തിന്റെ ശക്തിയെ അളക്കാതെ ദുഷ്ടൻ തന്റെ അവസ്ഥ മനസിലാക്കും. പാപം നമുക്ക് അക്ഷരീകമായി വെറുക്കപ്പെടും. നാം വിടുതലിനു വേണ്ടി വാഞ്ചിക്കും. മുട്ടിൽ ഇഴയുന്ന കുഞ്ഞ് ഒരു പുതിയ ശരീരത്തിനുവേണ്ടി ദാഹിക്കുന്നതുപോലെ നാം വാഞ്ചിക്കും. സർവ്വശക്തിയുള്ള ദൈവത്തിൽ എന്നേക്കും സന്തോഷിക്കും. അങ്ങനെ നമ്മുടെ ദിവസങ്ങളുടെ ഒന്നാമത്തെ വിഷയമായി വേദപുസ്തകം പറയുന്ന പൂർണ്ണമായ മടങ്ങിവരവിന്റെ സന്തോഷം നാം പ്രാപിക്കും. ❖

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

2025 മെയ് മാസം നമ്മെ വിട്ട് കടന്നു പോയി ജൂൺ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

“ തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിനു യഹോവയായ കർത്താവ് എന്റെ ചെവി തുറന്നു. ഞാനോ മറുത്തു നിന്നില്ല. പിന്തിരിഞ്ഞതുമില്ല. അടിക്കുന്നവർക്ക് ഞാൻ എന്റെ മുതുകും രോമം പറിക്കുന്നവർക്കു എന്റെ കവിളും കാണിച്ചു കൊടുത്തു. എന്റെ മുഖം നിന്ദയ്ക്കും തുപ്പലിനും മറച്ചിട്ടുമില്ല. യഹോവയായ കർത്താവ് എന്നെ സഹായിക്കും. അതുകൊണ്ട് ഞാൻ അമ്പരന്നു പോകയില്ല ” (യെശ. 50:4-7).

നമ്മുടെ ഹൃദയത്തിലും ദർശനത്തിലും ഒരു വിശാലതയ്ക്കായി ദൈവത്തോട് പ്രാർത്ഥിക്കാം. യേശു വരാൻ സമയമായി. കാലഘട്ടത്തെ സംബന്ധിച്ച അടയാളങ്ങൾ അത് വ്യക്തമാക്കുന്നു. ആരും നഷ്ടപ്പെട്ടു പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നാം ധൈര്യത്തോടെ ദൈവ സന്നിധിയിൽ അടുത്തു ചെല്ലും. നമ്മുടെ ശേഷിച്ച സമയം വിശുദ്ധ ജീവിതത്തിലും സുവിശേഷീകരണത്തിനുമായി വേർതിരിക്കാം.

ഇരുട്ടിനെ നാം ഭയപ്പെടരുത്. എല്ലാ കാലത്തും ദൈവത്തിൽ ആശ്രയിപ്പിൻ. ദൈവത്തിന്റെ മഹത്വമുള്ള നാമത്തെ അവിശ്വസിക്കുന്ന നിങ്ങളെ മലിനമാക്കുന്നയാതൊരു ഭയങ്ങളും നിങ്ങളെ തൊടാതിരിക്കട്ടെ. എന്നേയ്ക്കും ജീവിക്കുന്ന വീണ്ടെടുപ്പുകാരൻ നമ്മോട് കൂടെയുണ്ട്. ഭയത്തെയും അവിശ്വാസത്തെയും ദുഷ്ടതയെയും വെറുക്കാം. തീയതിനെ വെറുത്ത് നല്ലതിനോട് പറ്റിച്ചേരാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,

ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ദൈവഭയം

By John Gill

“ എല്ലാറ്റിന്റെയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക; അത് ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത് ” (സഭാപ്രസംഗി 12:13).

ആരാധനയിൽ നമ്മുടെ മനോഭാവം എന്നത് ദൈവത്തെ ഭയപ്പെടുക എന്നതാണ്, ചില സമയങ്ങളിൽ അത് പൂർണ്ണമായി നമ്മിൽ വ്യാപരിക്കും, ദൈവത്തെ ആരാധിക്കുന്നവൻ ദൈവത്തെ ഭയപ്പെട്ടു ദൈവവചനത്തിൽ മുഴുകി ദൈവത്തെ ആരാധിക്കേണം. ബുദ്ധിയുള്ള മനുഷ്യനെപ്പോലെ, ആരാധനയുടെ മുഴുവൻ തത്വങ്ങളും രണ്ട് കാര്യങ്ങളിൽ അടങ്ങിയിരിക്കുന്നു, “ ദൈവത്തെ ഭയപ്പെടുക എന്നതിലും, അവിടുത്തെ കല്പനകളെ അനുസരിക്കുന്നതിലും ”. ദൈവഭയത്തിൽ ഉളവാക്കുന്നതാണ് ആരാധന, അതുകൊണ്ട് ദൈവഭയത്തോടുകൂടി ദൈവത്തെ ആരാധിക്കുന്നു. ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നത് കൊണ്ട് ഭയത്തോടും ഭയക്തിയോടും കൂടെ സേവ ചെയ്യുക” (എബ്രാ. 12:28).

ദൈവഭയം വെളിപ്പെട്ടിരിക്കുന്നത്.

1. വെറുക്കപ്പെട്ട ഒരു പാപത്തിൽ:- യഹോവ ഭക്തി ദോഷത്തെ വെറുക്കുന്നു (സദൃശ. 8:13). “ തീയതിനെ വെറുത്തു നല്ലതിനോടു പറ്റിക്കൊൾവിൻ ” (റോമർ 12:9). ദൈവത്തെ ഭയപ്പെടുന്ന ഒരു മനുഷ്യൻ, ദൈവത്തോട് ബഹുമാനം കാണിക്കും, അവൻ ദോഷത്തെ വെറുക്കും. “ യഹോവയെ സ്നേഹിക്കുന്നവരേ, ദോഷത്തെ വെറുപ്പിൻ ” (സങ്കീ. 97:10). അങ്ങനെയുള്ള മനുഷ്യൻ ദുഷ്ട ചിന്തകളിൽ നിന്നും ഒഴിഞ്ഞിരിക്കും. ദൈവഹിതമല്ലാത്തവാക്കുകളിൽ നിന്നും ഒഴിഞ്ഞിരിക്കും... ദോഷപ്രവൃത്തികളിൽ നിന്നും എല്ലാ ദോഷവഴികളിൽ നിന്നും, ചുരുക്കത്തിൽ എല്ലാവിധമായ പാപത്തിന്റെ പ്രകൃതിയിൽ നിന്നും ഒഴിഞ്ഞിരിക്കും. പാപത്തിന്റെ എല്ലാ രൂപങ്ങളും പാപമാണ്. ദൈവത്തിന്റെ ന്യായപ്രമാണത്തിന്റെ മുമ്പിൽ, തന്റെ പ്രകൃതിക്ക് വിരുദ്ധമാണ്, തന്റെ ആത്മാവ് വെറുക്കുന്നു, നല്ല മനുഷ്യർക്ക് ഇത് വെറുപ്പാണ്, ദൈവത്തെ ഭയപ്പെട്ടു ജീവിക്കുന്നവർക്ക് വെറുപ്പാണ്.

ദൈവമക്കൾ പാപത്തെ വിട്ടു പോകുന്നു. “ യഹോവാഭക്തി കൊണ്ട് മനുഷ്യർ ദോഷത്തെ വിട്ടകലുന്നു ” (സദൃ. 16:6, 3:7). പൊതുവിൽ മാത്രമല്ല, ഓരോ രഹസ്യപാപങ്ങളിൽ നിന്നും വിട്ടകലുന്നു. അതെ, പാപത്തിന്റെ എല്ലാ വഴികളെയും വിട്ട്, എല്ലാ ആസക്തികളെയും വിട്ട് ബുദ്ധിയുള്ള മനുഷ്യന്റെ ഉപദേശം കേട്ട്, “ദുഷ്ടന്മാരുടെ പാതയിൽ നീ ചെല്ലരുത് ”(സദൃശ. 4:14).

ദൈവഭയം എന്നത് മറ്റുള്ളവർ ചെയ്യുന്നതു പോലെ, മറ്റുള്ളവർ പറയുന്നതുപോലെ അനുകരിക്കരുത്. അതുകൊണ്ട് നെഹെമ്യാവു പറയുന്നത്, “ .....ഞാനോ ദൈവഭയം ഹേതുവായി അങ്ങനെ ചെയ്തില്ല ”. (നെഹെ. 5:15). പാപം കൂടാതെ ദൈവത്തെ ഭയപ്പെട്ട് ജീവിക്കേണം, മറ്റുള്ളവർ ജീവിക്കുന്നതുപോലെ ജീവിക്കരുത്, മറ്റുള്ളവർ നടക്കുന്നത് പോലെ നടക്കരുത്, ജാതികൾ മായയിൽ മുഴുക്കി പാപത്തിൽ അവർ ജീവിക്കുന്നു. അവർ ക്രിസ്തുവിനെ അധികം പഠിച്ചിട്ടില്ല, ദൈവത്തിന്റെ ആത്മാവ് മനുഷ്യനെ വ്യത്യസ്തമായ കാര്യങ്ങൾ പഠിപ്പിക്കുന്നു.

സൂക്ഷ്മതയോടും ദൈവത്തിന്റെ വഴികൾ എതിർക്കാതെ ജീവിക്കുന്നവനിൽ ദൈവഭയം വെളിപ്പെടുന്നു ജീവിതത്തിൽ സൂക്ഷ്മതയോടുകൂടെ ദൈവഹിത പ്രകാരവും ദൈവമക്കൾ എതിരില്ലാതെയും ജീവിക്കുന്നു, വാക്കിലും പ്രവൃത്തിയിലും ആർക്കും ഇടർച്ചയില്ലാതെയും ജീവിക്കുന്നു. (ലേവ്യ 19:14).

ദൈവഭയമുള്ളവർ ആരാധനയിൽ കൃത്യമായി സംബന്ധിക്കുന്നു, കൃത്യനിഷ്ടപാലിക്കുന്നു. അങ്ങനെയുള്ളവർ വളരെ ലഘുവായി ആരാധനയെ കാണാതെ, തന്റെ ഇഷ്ടം അറിഞ്ഞ്, ആരാധന തന്റെ ജീവിതത്തിന്റെ ഭാഗമാക്കി തീർക്കുന്നു, സെഖര്യാവും എലിസബത്തും ദൈവ കല്പനകളെ പ്രമാണിച്ച് അവിടുത്തെ വഴികളിൽ കുറ്റമില്ലാത്തവരായി ജീവിച്ചു.

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ദൈവ ഭയം

ദൈവഭയമുള്ള ജീവിതം വെളിപ്പെടുന്നത്, ഒന്നും മറെച്ചുവയ്ക്കാതെ എല്ലാം ദൈവ സന്നിധിയിൽ തുറന്ന ഒരു പുസ്തകമായി കാണപ്പെടുന്നു. അങ്ങനെ അബ്രഹാം ദൈവകല്പനയെ ചോദ്യം ചെയ്യാതെ തന്റെ ഏകജാത നായ മകനെ അർപ്പിക്കുവാൻ തയ്യാറായി, ഇങ്ങനെ ദൈവത്തിൽ നിന്നും സാക്ഷ്യം പ്രാപിപ്പാൻ ഇടയായി. “നിന്റെ ഏകജാതനായവനെ തരുവാൻ മടിയ്ക്കായ്ക കൊണ്ട് നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് ഞാൻ ഇപ്പോൾ അറിയുന്നു” (ഉല്പ. 22:12)..

ദൈവഭയത്തിന്റെ കാരണങ്ങൾ, അഥവാ എങ്ങനെ വെളിപ്പെടുന്നു:

ഇത് പ്രകൃതിയിൽ നിന്നല്ല, പ്രാകൃത മനുഷ്യനിൽ നിന്നുമല്ല. ഇത് തെറ്റിപ്പോകുന്ന പ്രകൃതിയിൽ നിന്നും, ഒരു പ്രാകൃത മനുഷ്യന്റെ അനുഭവത്തിൽ നിന്നും: “അവരുടെ ദൃഷ്ടിയിൽ ദൈവഭയമില്ല” (റോമർ 3:18).

ഇതു ദൈവത്തിന്റെ കൃപയിൽ നിന്നും ഉയർന്നു വരുന്നു. ഇത് ഒരു വരമാണ്, കൃപയുടെ ദാനമാണ്. അവർക്കും അവരുടെ മക്കൾക്കും എന്നേയ്ക്കും നന്നായിരിപ്പാൻ അവർ എന്നെ ഭയപ്പെടേണ്ടതിനും എന്റെ കല്പനകളൊക്കെയും പ്രമാണിക്കേണ്ടതിനും ഇങ്ങനെയുള്ള ഹൃദയം അവർക്കു എപ്പോഴുമുണ്ടായിരുന്നു (ആവ. 5:29). മറ്റാരുമല്ല, ദൈവത്തിന് മാത്രമേ ഇങ്ങനെയുള്ള ഹൃദയം തരാൻ കഴിയൂ. താൻ അത് വാഗ്ദത്തം ചെയ്തിരിക്കുന്നു. അവർക്കും അവരുടെ ശേഷം അവരുടെ മക്കൾക്കും ഗുണം വരത്തക്കവണ്ണം അവർ എന്നെ എന്നേയ്ക്കും ഭയപ്പെടേണ്ടതിന് ഞാൻ അവർക്ക് ഏകമനസും ഏകമാർഗ്ഗവും കൊടുക്കും. ഞാൻ അവരെ വിട്ടുപിരിയാതെ അവർക്കു നന്മ ചെയ്തുകൊണ്ടിരിക്കും എന്നിങ്ങനെ ഞാൻ അവരോട് ഒരു ശാശ്വത നിയമം ചെയ്യും; അവർ എന്നെ വിട്ടു മാറാതിരിപ്പാൻ എങ്കലുള്ള ഭക്തി ഞാൻ അവരുടെ ഹൃദയത്തിൽ ആക്കും” (യിരെ. 32:39,40).

ദൈവവചനവും പ്രാർത്ഥനയും ഇതിനെ വിജയത്തിലേക്ക് നയിക്കുന്നു. ദൈവഭയം, നമ്മുടെ കടമ എന്ന നിലയിൽ, ആരാധനയിൽ അടുത്തു ചെല്ലേണം. “മക്കളേ വന്ന് എനിക്ക് ചെവിതരുവീൻ; യഹോവയോടുള്ള ഭക്തിയെ ഞാൻ ഉപദേശിച്ചു തരാം”. (സങ്കീ. 34:11). ന്യായ പ്രമാണം പ്രത്യേകിച്ച് സുവിശേഷപരവും പൊതുവെയുള്ളതുമായ നിയമങ്ങൾ എന്നിവ പഠിക്കേണം. (ആവർ. 4:10, 17:19). കൃപയ്ക്കായി അപേക്ഷിച്ച് ദൈവത്തോട് വിശ്വസ്തതയോടെ ചോദിക്കേണം (സങ്കീ. 86:11, സദൃശ.2:3-5).

ദൈവകൃപയുടെയും പുതിയ നന്മയുടെയും പുതിയ നിറവുകൾ വർദ്ധിച്ച്, ധൈര്യപ്പെടുത്തി, പ്രോത്സാഹിപ്പിച്ച് നടത്തുന്നു. “അവർ, ദൈവത്തെ ഭയപ്പെട്ടും അവിടുത്തെ നന്മകളെ അനുഭവിച്ചും പോന്നു. ദൈവത്തിന്റെ നന്മകളെ പ്രസിദ്ധമാക്കി, വെളിപ്പെടുത്തി, അതിനെ അനുഭവിച്ചും ദൈവത്തെ ഭയപ്പെട്ടും പോന്നു” (ഹോശ. 3:5). പ്രത്യേകിച്ച്, ജീവിതത്തിൽ അനുഭവമാക്കിയും അവിടുത്തെ കൃപ അനുഭവിച്ചും പോന്നു. “നിന്നെ ഭയപ്പെടുവാൻ തക്കവണ്ണം നിന്റെ പക്കൽ വിമോചനം ഉണ്ട്” (സങ്കീ. 130:4).

കർത്താവിനെ ഭയപ്പെടുന്നവന്റെ സന്തോഷം

ആത്മീക കാര്യങ്ങളിലുള്ള ബഹുമാനത്തോടെ, ദൈവത്തെ ഭയപ്പെടുന്നവർക്കുള്ള ധാരാളം വാഗ്ദത്തങ്ങളോടുകൂടിയും, സന്തോഷിക്കുന്ന ജനം എന്ന് അവർ വിളിക്കപ്പെട്ടിരിക്കുന്നു.

ദൈവത്തെ ഭയപ്പെടുന്നവർ സന്തോഷം ഉള്ളവർ എന്ന് കർത്താവ് പറഞ്ഞിരിക്കുന്നു, അവരുടെ ഉള്ളിൽ അതിയായ സന്തോഷമുണ്ട് (സങ്കീ. 147:11).

അവർ ദൈവത്താൽ അംഗീകരിക്കപ്പെട്ടവർ ആണ്, പത്രോസ് പറയുന്നു, “അപ്പോൾ പത്രോസ് വായ് തുറന്ന് പറഞ്ഞു തുടങ്ങിയത് : “ദൈവത്തിന് മുഖപക്ഷമില്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു” (പ്രവൃ. 10:34,35). തന്റെ ആളത്വം ക്രിസ്തുവിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു, അവരുടെ പ്രാർത്ഥനയും സ്തുതിയുമായ യാഗങ്ങൾ ദൈവത്തിന് ക്രിസ്തുവിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ദൈവത്തിന്റെ ഹൃദയം അവർക്കു വേണ്ടി തുറന്നിരിക്കുന്നു. അവരുടെ കഷ്ടതകളിൽ, പരീക്ഷകളിൽ, പരിശോധനകളിൽ അവിടുന്ന് സഹതാപമുള്ളവനായിരിക്കുന്നു. അവരുടെ വേദനകളിൽ അവിടുന്ന് അവർക്കുവേണ്ടി വേദനപ്പെട്ടു, അവിടുന്ന് ആശ്വസിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നു. “അപ്പന് മക്കളോട് കരുണ തോന്നുന്നതു പോലെ യഹോവയ്ക്ക് തന്റെ ഭക്തന്മാരോട് കരുണ തോന്നു” (സങ്കീ. 105:1).

യഹോവയുടെ കണ്ണ് അവരുടെമേൽ അവരുടെ നന്മയ്ക്കായി ഇരിക്കുന്നു. “യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെമേലും തന്റെ ദയയ്ക്കായി പ്രത്യാശിക്കുന്നവരുടെ മേലും ഇരിക്കുന്നു” (സങ്കീ. 33:18). തന്റെ കരുതലിന്റെ കണ്ണു മാത്രമല്ല, തന്നെത്താൻ ബലവാൻ എന്ന് കാണിക്കുവാൻ അത് ഭൂമിയിലൊക്കെയും നമുക്കുവേണ്ടി സഞ്ചരിക്കുന്നു, സംരക്ഷിക്കുന്നതിനുവേണ്ടി, ചെറുത്തു നില്ക്കുന്നതിനുവേണ്ടി, ശത്രുവിനെ ശാസിച്ച്, എന്നാൽ തന്റെ പ്രത്യേക സ്നേഹത്തിന്റെ കണ്ണ്, ഒരിക്കലും അതിനെ അവരിൽ നിന്നും പിൻ വലിക്കാതെ, എപ്പോഴും പ്രകാശിക്കുന്ന, സംരക്ഷിക്കുന്ന കണ്ണായി കൂടെയുണ്ട് (സങ്കീ. 103:11,17, ലൂക്കൊ. 1:50).

അവിടുത്തെ കൈ നമുക്കു വേണ്ടി തുറന്നും നമ്മോട് സംസാരിക്കുവാൻ ഒരുക്കവും ഉള്ളവനായിരിക്കുന്നു. അവിടുന്ന് നമുക്കു തരുന്നു, “തന്റെ ഭക്തന്മാർക്ക് അവൻ ആഹാരം കൊടുക്കുന്നു” (സങ്കീ. 111:5). ആത്മീയ ആഹാരം, തന്റെ ഉടമ്പടിയുടെ അനുഗ്രഹം, ഒന്നിനെക്കുറിച്ചും നാം വിചാരപ്പെടേണ്ടതില്ല. അവർ നടക്കുന്ന അവിടുത്തെ ആത്മാവിന്റെ ആശ്വാസങ്ങൾ അവിടുന്ന് നമുക്കു തരുന്നു. അവിടുന്ന് കൃപ നൽകുന്നു, പുതിയ കൃപ ധാരാളമായി നൽകുന്നു, ഒടുവിൽ മഹത്വത്തെയും കൊടുക്കുന്നു, ഒന്നും അവരിൽ നിന്നും മറെച്ചുവയ്ക്കുന്നില്ല, അവരുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുവാൻ, പ്രത്യാശയിൽ ധൈര്യപ്പെടുത്തുവാൻ, തന്നിൽ തന്നെ ആശ്രയം വയ്ക്കുവാൻ അവരെ ഒരുക്കുന്നു.

“യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്കുണ്ടാകും” (സങ്കീ.25:14). തന്റെ ഹൃദയത്തിന്റെ സ്നേഹം അവർക്ക് നൽകുന്നു, അവർക്ക് വേണ്ടിയുള്ള കൃപയുടെ പദ്ധതികൾ അവർക്ക് നൽകുന്നു, അതിനെ അവർക്കായി വെളിപ്പെടുത്തുന്നു, അതിൽ തന്റെ പ്രിയമകളെപ്പോലെ അവരെ ഉപയോഗിക്കുന്നു. തന്റെ ഉടമ്പടി അവരെ കാണിക്കും. അതിൽ

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ദൈവ ഭയം

വാഗ്ദത്തവും അനുഗ്രഹങ്ങളോടും കൂടെ താൽപര്യമായി അതു നിവർത്തിക്കും. ഇതിനോട് കൂടെ അവരുടെ അപേക്ഷകളൊക്കെയും കേട്ട്, തന്നെ ഭയപ്പെടുന്നവരുടെ ആഗ്രഹങ്ങളെ നിറവേറ്റി കണ്ണുനീരിന് മറുപടി നൽകി അവരെ രക്ഷിക്കും. (സങ്കീ. 145:19).

തന്റെ സ്വന്ത ജനത്തെ ഓർത്തു അനുഗ്രഹിച്ച് അവരുടെ ഭാരങ്ങളെ ചുമക്കും, ദീർഘക്ഷമയോടും ദയയോടും കൂടെ എന്നത്തെക്കാളും ഉപരി അനുഗ്രഹിക്കും. അവരുടെ താഴ്ചകളെ ഓർത്തു അവരെ പുറത്തുകൊണ്ടുവരും. അവരുടെ വാഗ്ദത്തങ്ങളെ ഓർത്ത്, അതിനെ നിറവേറ്റും. "യഹോവ ഭക്തന്മാർ തമ്മിൽ തമ്മിൽ സംസാരിച്ചു; യഹോവ ശ്രദ്ധവച്ചു കേട്ടു: യഹോവ ഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കും വേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണ പുസ്തകം എഴുതിവച്ചിരിക്കുന്നു " (മലാ. 3:16).

അവരോട് വാഗ്ദത്തം ചെയ്തു പറഞ്ഞത്, ദൈവത്തെ ഭയപ്പെടുക. " എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതി സൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടും കൂടെ ഉദിക്കും" (മലാ. 4:2). ക്രിസ്തു നമുക്ക് വേണ്ടി വന്ന് തന്നെത്താൻ വെളിപ്പെടുത്തി, തന്റെ കൃപയുടെയും കരുണയുടെയും പ്രവൃത്തി നമ്മെ കാണിക്കും. ഒരുത്തൻ ദൈവത്തെ ഭയപ്പെടുന്നു എങ്കിലും, അവൻ "തനിക്ക് പ്രകാശമില്ലാത്ത അന്ധകാരത്തിൽ നടന്നാലും അവൻ ധൈര്യപ്പെട്ട് അവൻ യഹോവയുടെ നാമത്തിൽ ആശ്രയിച്ചു തന്റെ ദൈവത്തിന്മേൽ ചാരിക്കൊള്ളട്ടെ" (യെശ. 50:10).

" രക്ഷ ", ഒരു പുതിയ കാഴ്ചപ്പാട്, അതിന്റെ ഒരു പുതിയ അനുഭവം, " തിരുമഹത്വം നമ്മുടെ ദേശത്തിൽ വസിക്കേണ്ടതിന് അവന്റെ രക്ഷ അവന്റെ ഭക്തന്മാരോട് അടുത്തിരിക്കുന്നു നിശ്ചയം " (സങ്കീ. 85:9).

അങ്ങനെയുള്ളവർക്കു വേണ്ടി വലുതും നല്ലതുമായ കാര്യങ്ങൾ തന്റെ ഹൃദയത്തിൽ ഒരുക്കി വച്ചിരിക്കുന്നു, ക്രിസ്തുവിന്റെ കരങ്ങളിൽ, സ്വർഗ്ഗത്തിൽ ഒരു പ്രത്യാശ, നീതിയുടെ കിരീടം, കണ്ണ് കണ്ടിട്ടില്ലാത്തതും, ചെവികേട്ടിട്ടില്ലാത്തതും മനുഷ്യഹൃദയത്തിൽ ഒരിക്കലും തോന്നിയിട്ടില്ലാത്തതുമായ മറഞ്ഞിരിക്കുന്ന, " നിന്റെ ഭക്തന്മാർക്കുവേണ്ടി നീ സംഗ്രഹിച്ചതും നിന്നിൽ ആശ്രയിക്കുന്നവർക്കുവേണ്ടി മനുഷ്യപുത്രന്മാർ കാൺകെ നീ പ്രവർത്തിച്ചതുമായ നിന്റെ നന്മ എത്ര വലിയതാകുന്നു". (സങ്കീ. 31:9). ❖

ഒരു അനുഗ്രഹം ആയിരിക്കുക

By Andrew Murray

" യഹോവ അബ്രഹാമിനോട് അരുളിചെയ്തത് എന്തെന്നാൽ: നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ട് പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേയ്ക്കു പോക. ഞാൻ നിന്നെ വലിയോരു ജാതിയാക്കും, നിന്നെ അനുഗ്രഹിച്ച് നിന്റെ പേര് വലുതാക്കും, നീ ഒരു അനുഗ്രഹമായിരിക്കും" (ഉല്പ. 12:1,2).

തന്റെ മക്കൾ എന്ന നിലയിൽ ദൈവത്തിന് പറയാനുള്ളതിന്റെ രത്നച്ചുരുക്കം, ഈ ആദ്യ വചനങ്ങളിൽ അബ്രഹാമിനോട് ദൈവം പറഞ്ഞു. ദൈവം നമ്മെ വിളിച്ചതിന്റെ ലക്ഷ്യം, ആ വിളിയിൽ വ്യാപരിക്കുന്ന ദൈവശക്തി, എവിടെയാണ് ആ ശക്തി നമുക്കായി വെളിപ്പെട്ടത് എന്നുള്ള കാര്യങ്ങൾ നാം ഗ്രഹിക്കേണം.

ഒരു അനുഗ്രഹമായിരിക്കുക: ഒരു ലക്ഷ്യത്തിനായി അബ്രഹാമിനെ ദൈവം വേർതിരിച്ചു, ഓരോ വിശ്വസിക്കുന്ന മക്കളെയും.

ദൈവത്തിന് അബ്രഹാമിനെയും എല്ലാ ദൈവമക്കളെയും ആവശ്യമുണ്ട്, നമ്മെ അവിടുന്ന് അനുഗ്രഹിക്കുമ്പോൾ, വെറുതെ നമ്മെ സന്തോഷിപ്പിക്കാൻ മാത്രമല്ല നമ്മ വിളിച്ചത്, നാം അവിടുത്തെ അനുഗ്രഹങ്ങളെ മറ്റുള്ളവരോട് പറയേണം. ദൈവം സ്നേഹമാണ്, അതുകൊണ്ട് അവിടുന്ന് നമ്മെ അനുഗ്രഹിക്കുന്ന. സ്നേഹം അതിൽ തന്നെ ആഗ്രഹിക്കുന്നില്ല. ദൈവസ്നേഹം നമ്മിൽ വരുമ്പോൾ, മറ്റുള്ളവർ നമ്മിലൂടെ അന്വേഷിക്കും. ആരംഭം മുതൽ, യുവ ക്രിസ്ത്യാനികൾ മനസിലാക്കിയിരിക്കേണം, വ്യക്തമായ ലക്ഷ്യത്തോടുകൂടെയാണ് നാം ദൈവകൃപ അവകാശമാക്കിയിരിക്കുന്നത്. മറ്റുള്ളവർക്കും കൂടെയാണ് നാം പ്രാപിച്ചിരിക്കുന്നത് എന്ന്. ദയവായി, നിങ്ങളിൽ തന്നെ സൂക്ഷിക്കരുത്, ദൈവം തരുന്നത് എല്ലാം മറ്റുള്ളവർക്കും വേണ്ടി കൂടെയാണ്. മറ്റുള്ളവർക്കു വേണ്ടി പ്രയോജനപ്പെടുവൻ നിങ്ങളെ പൂർണ്ണമായി സമർപ്പിക്കുക. അതാണ് അനുഗ്രഹിക്കപ്പെടുവാനുള്ള വഴി, അനുഗ്രഹം നിങ്ങളിൽ കവിഞ്ഞൊഴുകേണം.

വേണ്ടുന്ന ശക്തി നിങ്ങളിൽ പകർന്നിരിക്കുകയാണ്. ഒരു അനുഗ്രഹം ആയിരിക്കുക, " ഞാൻ നിന്നെ അനുഗ്രഹിക്കും ", കർത്താവ് അരുളിചെയ്യുന്നു. നിങ്ങൾ വ്യക്തിപരമായി അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു, ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ആത്മാവിനാൽ, സമാധനത്തിനാൽ കർത്താവിന്റെ ശക്തിയാൽ നിറയപ്പെട്ടിരിക്കുന്നു. ക്രിസ്തുയേശുവിൽ എല്ലാ ആത്മീക അനുഗ്രഹങ്ങളാലും ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കുന്നു. (എഫെ. 1:3). കർത്താവ് ഈ അനുഗ്രഹങ്ങളാൽ നിങ്ങളെ നിറയ്ക്കുമാറാകട്ടെ, നിങ്ങൾ നിശ്ചയമായി ഒരു അനുഗ്രഹമായിരിക്കും. നിങ്ങൾ സംശയിക്കയോ ഭയപ്പെടുകയോ ചെയ്യേണ്ട ആവശ്യമില്ല. ദൈവത്തിന്റെ അനുഗ്രഹത്തിൽ ദൈവശക്തിയുള്ള ജീവിതം ഉൾപ്പെടുത്തിയിരിക്കുന്നു. വർദ്ധനയ്ക്കും, വിശാലതയ്ക്കും, മറ്റുള്ളവരുമായ ആശയവിനിമയത്തിനും അത് ആവശ്യമാണ്. അനുഗ്രഹങ്ങളും വർദ്ധനയും എങ്ങനെയാണ് ഒരുമിച്ചു പോകുന്നത് എന്ന് തിരുവചനത്തിൽ കാണുന്നു. അനുഗ്രഹം എല്ലായ്പ്പോഴും ദൈവശക്തി ഉൾപ്പെടുത്തിയിരിക്കുന്നു, മറ്റുള്ളവരുടെ അനുഗ്രഹത്തിന് വേണ്ടി, സർവ്വശക്തനായ ദൈവത്തിന്റെ വചനം മാത്രം പറയുന്നു, "ഞാൻ നിങ്ങളെ അനുഗ്രഹിക്കും", വഴുതിപ്പോകയില്ല. ദൈവത്തിനായി കാത്തിരിക്കുക, ദൈവം താൻ അരുളി ചെയ്യുന്നു, " ഞാൻ നിങ്ങളെ അനുഗ്രഹിക്കും". ഇതിൽ വിശ്വസിക്കുക. ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തംപരമായി, ദൈവം അതിനെ സാദ്ധ്യമാക്കിത്തീർക്കും.

ഇക്കാരണത്താൽ അനുഗ്രഹത്തിന്റെ സ്ഥാനത്ത് നിങ്ങളെത്തന്നെ എടുത്ത് വാഗ്ദത്ത ദേശത്തിന്റെ, വാഗ്ദത്തത്തിലുള്ള വിശ്വാസം, " നിന്റെ ദേശത്തേയും ചാർച്ചക്കാരേയും വിട്ട് പുറപ്പെടുക", കർത്താവ് അരുളിചെയ്യുന്നു. ആദാമിലൂടെ നമുക്കു കിട്ടിയ ജഡത്തിന്റെ പ്രവൃത്തികളെ, അതിന്റെ പ്രകൃതിയെ വിട്ടു പുറപ്പെട്ട് പോകണം എന്ന്

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ഒരു അനുഗ്രഹം ആയിരിക്കുക

ദൈവം ആഗ്രഹിച്ചു. ദൈവത്തിന്റെ അനുഗ്രഹത്തിന്റെ വഴിയിൽ നമുക്ക് വിലയേറിയത് എന്ന് തോന്നുതൊക്കെ നാം അർപ്പണം ചെയ്യേണം. “ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക”, കർത്താവ് അരുളിചെയ്യുന്നു. പഴയ ജീവിതത്തിനും പുതിയ ജീവിതത്തിനും വഴികാട്ടി ഞാൻ മത്രമാണ്. അതായത് ദൈവത്തിനായി വേർതിരിക്കപ്പെട്ട ജീവിതം അത് പൂർണ്ണമായി ദൈവത്തിന്റേത് മാത്രമാണ്. ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ എവിടെ നടന്നാലും വിശ്വാസത്താലുള്ള ജീവിതം.

വിശ്വാസിയേ, ദൈവം തന്റെ നിത്യമായ പദ്ധതി പ്രകാരം തന്റെ വാഗ്ദത്തം നമുക്കു നിറവേറ്റും, ഞാൻ നിന്നെ അനുഗ്രഹിക്കും നിന്റെ ദേശത്തെ വിട്ട്, ചാർച്ചക്കാരെ വിട്ട്, നിന്റെ ജീവിതം ബന്ധപ്പെട്ടിരിക്കുന്ന ലോകത്തിന്റെ ജഡത്തിന്റെ എല്ലാ ബന്ധങ്ങളെയും വിട്ട് പുറപ്പെട്ടുപോകേണം. പുതിയ ജീവതത്തിലേയ്ക്ക് പ്രവേശിക്ക. ആത്മാവിന്റെ ജീവിതം, ദൈവുമായുള്ള കൂട്ടായ്മയുടെ ജീവിതം, ദൈവം നയിക്കുന്ന വഴിയിലൂടെ സഞ്ചരിക്കുവാൻ നമ്മെ സമർപ്പിക്കുക. ദൈവത്തിന്റെ വഴികളെ അംഗീകരിക്കുന്നവരായിരിക്കേണം. ഹൃദയം തുറന്ന് അവിടുത്തെ വചനത്തെ പൂർണ്ണമായി വിശ്വസിക്കേണം, “ഞാൻ നിന്നെ അനുഗ്രഹിക്കും”. അവിടുത്തെ വചനം നിറവേറ്റുവാൻ അവിടുത്തേ യ്ക്ക് കഴിയും, നിങ്ങളെ അനുഗ്രഹപൂർണ്ണരാക്കി, മറ്റുള്ളവർക്ക് പ്രയോജനകരമാക്കിത്തീർക്കുന്ന തന്റെ അനുഗ്രഹത്തിന്റെയും ശക്തിയുടെയും നിറവുകൾ നിങ്ങൾക്ക് തരുന്നു. ലോകത്തോട് വേർപെട്ട് ദൈവത്തോടു കൂടെ ജീവിക്കുക. അപ്പോൾ നിങ്ങൾ ദൈവശബ്ദം കേൾക്കും, ദൈവശക്തിയിൽ സംസാരിക്കും.

“ഞാൻ നിന്നെ അനുഗ്രഹിക്കും, ഒരു അനുഗ്രഹം ആയിരിക്ക”.

പിതാവേ, വാഗ്ദത്ത നാട്ടിലേക്കുള്ള വഴി ഞങ്ങളെ കാണിക്കേണമേ, അവിടുത്തെ ജനം പൂർണ്ണമായി അങ്ങയുടേതാക്കി തീർക്കുന്ന വഴി ഞങ്ങളെ കാണിക്കേണമേ. ഞങ്ങൾ ധാരാളമായി എല്ലാറ്റിലും അങ്ങയെ അനുഗമിക്കട്ടെ, അങ്ങയുമായി ഞാൻ സംസാരിക്കട്ടെ, അവിടുത്തെ അനുഗ്രഹങ്ങളാലെന്നെ നിറക്കേണമേ. കർത്താവേ, അവിടുത്തെ വചനം, “ഞാൻ നിന്നെ അനുഗ്രഹിക്കും,” എന്നത് ദൈവവചനമായി ഞങ്ങളുടെ ഹൃദയങ്ങളിൽ വസിക്കട്ടെ. അപ്പോൾ ഞാൻ പൂർണ്ണമായി അങ്ങക്കു വേണ്ടി ജീവിച്ചു, മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായിരിക്കുകയും ചെയ്യും. ആമേൻ. ❖

ആഗമനദൂതന്റെ അന്താരാഷ്ട്ര എഡിറ്റേഴ്സിനു വേണ്ടിയുള്ള പ്രാർത്ഥന

ആഗമനദൂതന്റെ ധാരാളം പ്രവർത്തകർ കഠിനമായ പ്രയാസങ്ങളും വെല്ലുവിളികളും നേരിടുന്നുണ്ട്. മതങ്ങളിൽ നിന്നുള്ള എതിർപ്പുകൾ, സാമ്പത്തികമായ ആവശ്യങ്ങൾ, ഗവമെന്റിൽ നിന്നുള്ളതായ പ്രശ്നങ്ങൾ, പീഢകൾ, ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവ. നിങ്ങൾ അവരോട് കൂടെ നില്ക്കും എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. നിങ്ങളുടെ പ്രാർത്ഥന അത്യാവശ്യമായിരിക്കുന്നു. നിങ്ങൾ ഒരുക്കമാണെങ്കിൽ നിങ്ങളുടെ പേര് ഞങ്ങൾക്ക് എഴുതിയാൽ സന്തോഷത്തോടെ ലിസ്റ്റ് നിങ്ങൾക്ക് അയച്ചു തരുന്നതാണ്. ഇവിടെ ചില വഴികളും വിഷയങ്ങളും ഞങ്ങൾക്കുണ്ട്. പ്രത്യേകം അവർക്കുവേണ്ടി പ്രാർത്ഥിക്കുക. കർത്താവ് ബലപ്പെടുത്തുന്നതിനായി “ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ” (എഫെ. 6:10). “എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു” (ഫിലി.4:13); “എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചു കയറും; അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും” (യെശ. 40:31).

ധൈര്യത്തിനായി: “ആകയാൽ എന്റെ പ്രിയ സഹോദരന്മാരെ നിങ്ങൾ ഉറപ്പുള്ളവരും, കുലുങ്ങാത്തവരും, നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യഥാവല്ല എന്ന് അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ” (1കൊരി. 15:58).

സംരക്ഷണത്തിനായി: “യഹോവ നിന്റെ ഗമനത്തേയും ആഗമനത്തേയും ഇന്നുമുതൽ എന്നേയ്ക്കും പരിപാലിക്കും” (സങ്കീ. 121:8). “നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോട് കല്പിക്കും (സങ്കീ. 91:11). “അവൻ നിങ്ങളെ ഉറപ്പിച്ച് ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം കാത്തുകൊള്ളും”. (2തെസ്സ. 3:3). “അവരെ ലോകത്തിൽ നിന്ന് എടുക്കേണം എന്നല്ല, ദുഷ്ടന്റെ കയ്യിൽ അകപ്പെടാത വണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രെ ഞാൻ അപേക്ഷിക്കുന്നത്” (യോഹ. 17:15).

കരുതലിനായി: “നിങ്ങൾ എപ്പോഴും പൂർണ്ണ തൃപ്തിയുള്ളവരായി സകല സൽപ്രവർത്തികളിലും പെരുകിവരുമാറ് നിങ്ങളിൽ സകല കൃപയും പെരുക്കുവാൻ അവൻ ശക്തൻ ആകുന്നു” (2കൊരി. 9:8). “എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും” (ഫിലി. 4:19).

ആരോഗ്യത്തിനായി: മൂപ്പനായ ഞാൻ സത്യത്തിൽ സ്നേഹിക്കുന്ന പ്രീയ ഗായോസിന് എഴുതുന്നത്: “പ്രീയനേ നിന്റെ ആത്മാവ് ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു” (3യോഹ.1,2).

ധൈര്യത്തിനു വേണ്ടി: “നിന്റെ ദൈവമായ യഹോവേ നീ പോകുന്നിടത്തൊക്കെയും നിന്നോട് കൂടെ ഉള്ളതുകൊണ്ട് ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക; ഭയപ്പെടരുത്, ഭ്രമിക്കയും അരുത് എന്ന് ഞാൻ നിന്നോട് കല്പിച്ചുവല്ലോ” (യോശു. 1:9).

ജ്ഞാനത്തിനായി: “നിങ്ങളിൽ ഒരുവന് ജ്ഞാനം കുറവാകുന്നു എങ്കിൽ ഭത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ” (യാക്കോ. 1:5).

ശുശ്രൂഷയ്ക്കുള്ള വാതിലുകൾ തുറക്കപ്പെടേണ്ടതിനായി: “എനിക്ക് ബന്ധനകാരണമായ ക്രിസ്തുവിന്റെ മർമ്മം പ്രസ്താവിപ്പാൻ തക്കവണ്ണം ദൈവം ഞങ്ങൾക്ക് വചനത്തിന്റെ വാതിൽ തുറന്നു തരികയും ഞാൻ സംസാരിക്കേണ്ടും വണ്ണം അതിനെ വെളിപ്പെടുത്തുകയും ചെയ്യേണ്ടതിനു ഞങ്ങൾക്കു വേണ്ടിയും പ്രാർത്ഥിപ്പിൻ” (കൊലൊ. 4:3).

അഡോണിറാം ജഡ്സൺ -ഉം ആൻജഡ്സൺ-ഉം
ബർമ്മയിലേക്കുള്ള മിഷ്യനറിമാർ
(മൂന്നാം ഭാഗം)

By T.W.Engstrom

1819 ജൂൺ-ൽ അഡോണിറാം ജഡ്സനും ആൻ ജഡ്സനും ബർമ്മയിൽ എത്തിയതിന്റെ ഏഴു വർഷങ്ങൾക്കുശേഷം, ആദ്യത്തെ ബർമ്മക്കാരനായ ഒരുവൻ സ്നാനപ്പെട്ടു. ഒരാഴ്ചയ്ക്കുശേഷം ജഡ്സൻ തന്റെ ഡയറിയിൽ ഇപ്രകാരം എഴുതി: ഒരു ബർമ്മക്കാരനോടുകൂടെ, ആദ്യമായി കർത്യമേശയനുഭവിപ്പാൻ ലഭിച്ച സമയം ഒരു പദവിയായി ഞാൻ കാണുന്നു. ഈ പദവി ലഭിക്കാൻ ചില വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു. കത്യമേശ ശുശ്രൂഷ രണ്ട് ഭാഷകളിൽ നടത്തി.

പരിശോധനകൾ

ഈ സമയത്ത് നമുക്കു പരിചയമുള്ള ഭരണാധികാരിയായിരുന്നു ആ പ്രവിശ്യയിലെ ഭരണാധികാരി, എന്നാൽ അദ്ദേഹം മാറി. പുതിയ ഭരണാധികാരി പകരക്കാരനായിരുന്നു. ഇത് ദൈവത്തിന്റെ കരുതലായിരുന്നു, ഈ സമയം മിഷൻ കേന്ദ്രം വളരെയധികമായി അഭിവൃദ്ധി പ്രാപിച്ചു. ഔദ്യോഗിക തലങ്ങളിൽ നിന്നും കാര്യമായ പ്രതികരണങ്ങൾ ഒന്നും ഉണ്ടായില്ല,

(6-ാംപേജിന്റെ തുടർച്ച)

ആഗമനദൂതന്റെ.....
പ്രാർത്ഥന

ഒരു കൊയ്ത്തിനായി : നിങ്ങൾ പൂർണ്ണ പ്രസാദത്തിനായി കർത്താവിനുയോഗ്യമാകും വണ്ണം നടന്നു ആത്മീകമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ട് നിറഞ്ഞു വരേണം എന്നും സകല സൽപ്രവർത്തിയിലും ഫലം കായ്ച്ചപ ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണമെന്നും (കൊലൊ.1:10). കണ്ണീരോടെ വിതെയ്ക്കുന്നവൻ ആർപ്പോടു കൊയ്യും” (സങ്കീ. 126:5).❖

പുതിയ ഭരണാധികാരിയുടെ കീഴിൽ ജഡ്സന് വേല പ്രയാസം തന്നെയായിരുന്നു. ഗവൺമെന്റിന്റെ അനുവാദമില്ലാതെ തന്നെ ചെറിയ രീതിയിൽ തുടർന്നു. ചക്രവർത്തി ഒരു മനസാക്ഷി കാണിച്ചില്ലായിരുന്നു എങ്കിൽ നാട്ടുകാരായവരുടെയിടയിൽ പ്രവർത്തിക്കുക പ്രയാസമായിരുന്നു. 1819 ഡിസംബർ മാസം 27-ാം തീയതി ചക്രവർത്തിയുടെ സഹായത്തോടെ ആവിയിലേക്ക് പ്രവർത്തനം സാദ്ധ്യമാക്കാൻ ഇടയായി. റംഗൂണിൽ താമസിച്ചു തന്റെ പ്രവർത്തനങ്ങൾ തുടരുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ ഇടയായി.

ചക്രവർത്തിയെ കാണാനായി സാധിക്കുക എന്നത് ഒരു ചെറിയ കാര്യമല്ല. തന്റെ മഹത്വത്തിന് തക്കതായ ഒരു സമ്മാനം കൊടുക്കേണം. ജഡ്സൻ ഒരു വലിയ തുകക്കുള്ള വെള്ളി വാങ്ങി, മറ്റു ചെറിയ ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കാനായി ചെറിയ സമ്മാനങ്ങളും വാങ്ങി. ചക്രവർത്തിയോടുകൂടെ ജനമുണ്ടായിരുന്നു. മതസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അപേക്ഷ കഴിച്ചു എന്നാലും അപേക്ഷ പരിഗണിക്കപ്പെട്ടില്ല, അങ്ങനെ മിഷനറിമാരുടെ അവസ്ഥ ആദ്യത്തേതിലും ദയനീയമായി. ജഡ്സൻ അധികാരികളെ സമീപിച്ചെങ്കിലും ഫലമുണ്ടായില്ല. തന്റെ ധൈര്യം ചോർന്നു പോയി, ധൈര്യഹീനനായിത്തീർന്നു, ആ രാജ്യം വിട്ടു പോകുവാൻ തീരുമാനിച്ചു. എന്നാൽ വിശ്വാസവും ഉറപ്പും ദൈവത്തിലായിരുന്നു, തന്റെ ആശ്രയത്തെ തകർക്കുവാനും ഒന്നിനാലും കഴിഞ്ഞില്ല. എല്ലാവിധ കഷ്ടതയുടെയും പരിശോധനകളുടെയും നടുവിൽ ജഡ്സന്റെ വിശ്വാസം കുലുക്കമില്ലാതെ ശേഷിച്ചു.

ജഡ്സൻ ഈ സമയം വേദപുസ്തകത്തിന്റെ ബർമ്മീഷ് ഭാഷയിലേക്കുള്ള തർജ്ജമ ഏകദേശം പൂർത്തിയാക്കി, ചക്രവർത്തിയുടെ തീരുമാനത്തിൽ അവയൊക്കെയും നഷ്ടപ്പെടുമോ എന്നുള്ള ചിന്തയും തനിക്കുണ്ടായി. ഈ സമയം തന്റെ ഭാര്യയുടെ അനാരോഗ്യം മൂലം അവൾ ഈ നാട് വിടേണ്ടി വന്നു. അവൾ യാത്ര ചെയ്തു ഇംഗ്ലണ്ടിലേക്ക് യാത്ര ചെയ്തു. അമേരിക്കയിലുള്ള തന്റെ സ്വന്ത ദേശത്ത് എത്തിച്ചേർന്നു. ആൻ-ന് തന്റെ ഭർത്താവിനെ പിരിഞ്ഞ് രണ്ട് വർഷത്തിലധികം താമസിക്കേണ്ടി വന്നു. തന്റെ ശരീരത്തിൽ പൂർണ്ണമായ വിടുതൽ ലഭിച്ചില്ല എങ്കിലും, ബർമ്മയിലേക്ക് മടങ്ങിപ്പോന്നു, കുറച്ചു വ്യത്യാസം ഉണ്ടായിരുന്നു എന്നു മാത്രമേ യുള്ളൂ. ബർമ്മയോടുള്ള സ്നേഹം എന്തുമാത്രമുണ്ട് എന്ന് വിളിച്ചറിയിക്കുന്ന ഒന്നായിരുന്നു ഈ യാത്ര.

1824 മേയ് -ൽ പതിനായിരം വരുന്ന ബ്രിട്ടീഷ് പട്ടാളവും ഈസ്റ്റ് ഇൻഡ്യ കമ്പനിയുടെ ഒരു ഗ്രൂപ്പു ആളുകളും റംഗൂണിൽ വന്നിറങ്ങി. ഇത് അമേരിക്കക്കാർക്കും ഇംഗ്ലീഷുകാർക്കും മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത പ്രയാസം നേരിട്ടു. ആ സമയം യുദ്ധം പ്രഖ്യാപിക്കപ്പെട്ടു. ജഡ്സനും മറ്റു മിഷ്യനറിമാരും ബർമ്മൻ ജയിലിലടക്കപ്പെട്ടു. ആൻജഡ്സൻ, ഇതിനിടയിൽ, ജയിൽ സൂപ്രണ്ടിന്റെ സ്വന്തം വീട്ടിൽ സൂക്ഷിക്കപ്പെട്ടു. മൂന്ന് ദിവസങ്ങൾക്ക് ശേഷം, ആൻജഡ്സൻ വിടുവിക്കപ്പെട്ടു. തന്റെ ഭർത്താവിന് പകരം ഗവൺമെന്റിന്റെ ഒരു യോഗത്തിൽ പങ്കെടുക്കുവാൻ ഇടയായി.

ഈ ജയിലിൽ അടക്കപ്പെട്ട മിഷനറിമാർ ക്രൂരമായി പീഢിപ്പിക്കപ്പെട്ടു. ജഡ്സന് നൂറ് പേരോടുകൂടെ ഒരു മുറിയിൽ അടക്കപ്പെട്ടു. അവിടെ ജനാലകൾ ഇല്ലായിരുന്നു. പകരം മുറിയുടെ ചെറിയ വിടവുകൾ ഉണ്ടായിരുന്നു. ഇരുപത് മാസം ഇരുമ്പഴിക്കുള്ളിൽ കിടക്കുവാൻ താൻ നിർബ്ബന്ധിതനായി. തന്റെ വിശ്വസ്തയായ ഭാര്യ എല്ലാ ദിവസവും അദ്ദേഹത്തിനുള്ള ഭക്ഷണവുമായി ജയിലിലെത്തും. ബർമ്മയിൽ സുവിശേഷത്തിനു വേണ്ടിയുള്ള പോരാട്ടം തടസപ്പെട്ടു. ശരീരത്തിൽ രോഗവും ക്ഷീണവുമാണ് എങ്കിലും, എല്ലാ ദിവസവും കൃത്യമായി തന്റെ ഭർത്താവിനുവേണ്ടിയതായിരുന്നാൽ കഴിയുന്ന നിലയിലുള്ള പോഷണം ഓരോ ദിവസവും നൽകി. ഇതിനിടയിൽ തനിക്ക് ധാരാളം പ്രയാസങ്ങൾ നേരിടേണ്ടിവന്നു പനിയും ബാധിച്ചു. ഡോക്ടർമാർ അവൾ മരിച്ചുപോകും എന്ന് ചിന്തിച്ചു. എന്നാൽ ദൈവം അത്ഭുതകരമായി വിടുവിച്ചു.

നീണ്ട ഏഴു മാസങ്ങൾ ആൻജഡ്സൻ ഗവ. ഉദ്യോഗസ്ഥന്മാരെ സമീപിച്ചുകൊണ്ടിരുന്നു. രാജകുടുംബത്തിലെ ഓരോ വ്യക്തികളെ, ജയിലായിരിക്കുന്ന മിഷ്യനറിമാർക്കുവേണ്ടി ദൈവ

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

അഡോണിറാം ജഡ്സൺ-ഉം ആൻജഡ്സൺ-ഉം

ബർമ്മയിലേക്കുള്ള മിഷ്യനറിമാർ

ത്തിന്റെ വാഗ്ദത്തം മാത്രമായിരുന്ന അവൾക്ക് ധൈര്യം പകർന്നത്.

ജഡ്സനു ജയിലിൽ വച്ച് വലിയ പനി ബാധിച്ചു. അദ്ദേഹത്തിന്റെ ഭാര്യ നിരന്തരം അധികാരികളുടെ അടുക്കൽ കയറിയിറങ്ങി, ഒടുവിൽ അദ്ദേഹത്തെ ഒരു പഴയ നിസംഹ ഗുഹയിലേക്ക് മാറ്റി. തന്റെ മുമ്പിലത്തെ ജയിൽ പോലെ ഒരിടം ആയിരുന്നു. ആൻജഡ്സൻ തന്നെക്കൊണ്ട് കഴിയുന്ന നിലയിലെല്ലാം നന്നായി പരിചരിപ്പാനാഗ്രഹിച്ചു, അല്പ സന്തോഷം ലഭിച്ചിരുന്ന തനിക്ക് സ്വാതന്ത്ര്യവും ഇവിടെ തടയപ്പെട്ടു. ആൻജഡ്സന്റെ സന്ദർശനവും വാക്കുകളും അദ്ദേഹത്തന് ആശ്വാസവും സന്തോഷവും നൽകി. എങ്കിലും ജഡ്സന്റെ കൂട്ടുവേലക്കാരുടെ ജീവിതം ജയിലിൽ പ്രയാസപൂരിതമായിരുന്നു.

അദ്ദേഹത്തിന്റെ ജയിലിലെ വാസം മിഷ്യനറിമാരുടെ ചരിത്രത്തിൽ ഏറ്റവും പ്രയാസകരമായ ഒരു ഘട്ടമായിരുന്നു. പ്രാർത്ഥനയാലും വെളിപ്പെടുത്തപ്പെട്ട ദൈവശക്തിയിലും അഡോണിറാം ജഡ്സനേയും കൂട്ടുകാരേയും ഈ വിഷമ ഘട്ടങ്ങളിൽ നിലനിർത്തി. ഈ ദ്വസങ്ങളിലെ ജയിൽ വാസത്തെക്കുറിച്ച് ആൻജഡ്സൻ എഴുതിയ എഴുത്ത് പ്രത്യേകം ശ്രദ്ധേയമാണ്. അതികഠിനമായ ജീവിതമായിരുന്നു, ജയിലിൽ അനുഭവിച്ചത്.

യുദ്ധം അവസാനിച്ചപ്പോൾ, എല്ലാ തടവുകാരും മോചിക്കപ്പെട്ടു. തിരികെ വീട്ടിലേക്ക് മടങ്ങിയപ്പോൾ മിഷൻ കേന്ദ്രം എല്ലാം കൊണ്ടും ആശയകുഴപ്പം ആയിരുന്നു. മിഷൻ വീട് നശിപ്പിച്ചിരുന്നു. ശിഷ്യഗണങ്ങൾ ചിതറിപ്പോയിരുന്നു. അംഹെർസ്റ്റ് സിറ്റിയിലേക്ക് മാറുന്നതാണ് നല്ലത് എന്ന് തീരുമാനിച്ചു അത് അന്ന് ബ്രിട്ടീഷ് സംരക്ഷണത്തിലായിരുന്നു.

നിത്യഭവനത്തിലേക്ക് വിളിക്കപ്പെട്ടു.

താൻ ജയിൽ മോചിതനായതിന്റെ കുറച്ചു ദിവസങ്ങൾക്ക് ശേഷം, ജഡ്സൻ ബർമ്മീസ് ക്യാമ്പിൽ, ഇംഗ്ലീഷിനും ബർമ്മീസ് ഭാഷയ്ക്കുമിടയിൽ ഒരു തർജ്ജമക്കാരനായി വിളിക്കപ്പെട്ടു. ഈ കാലഘട്ടത്തിൽ ആൻജഡ്സന് കഠിനമായ പനി ബാധിതയായി. തലയിലെ മുടിയെല്ലാം ക്ഷൗരം ചെയ്തു തലയിലും കാലുകളിലും ഒരു പൊള്ളൽ ബാധിച്ചു. ബർമ്മീസ് ആളുകൾ ചുറ്റിലും ഇരിക്കുമ്പോൾ അവർ വിശ്രമത്തിനായി സ്വന്തഭവനത്തിൽ ചേർക്കപ്പെട്ടു.

തന്റെ വിശ്വസ്ത കൂട്ടുകാരിയെ അവരുടെ ശുശ്രൂഷതികെച്ചു, അവരെ വിശ്രമത്തിനായി കൂട്ടിച്ചേർത്തു. അത് 1826 ഒക്ടോബർ മാസം 24-ാം തീയതി, തന്റെ മുപ്പത്തിയേഴാം വയസ്സിലായിരുന്നു. അവളുടെ ജീവിതം മുഴുവനായി രക്ഷകനായി അർപ്പിക്കപ്പെട്ടു, അവരുടെ സാക്ഷ്യം ഇന്നും നിലനില്ക്കുന്നു. അവരുടെ ശരീരം അംഹർസ്റ്റ് മിലിറ്ററി ബഹുമതികളോടുകൂടെ അടക്കപ്പെട്ടു. ആൻജഡ്ന്റെ ഓർമ്മ തലമുറകളിലൂടെ നിലനില്ക്കുന്നു, വനിതാ മിഷ്യനറിമാരുടെ കൂട്ടത്തിൽ ഒന്നാമതായി മാത്രമല്ല, കർത്താവിന്റെ ഇഷ്ടത്തിന് അവളുടെ മുഴുജീവിതവും എരിഞ്ഞടങ്ങി.

തന്റെ പ്രീയപ്പെട്ട ആൻജഡ്സന്റെ മരണശേഷം, ജഡ്സൻ, തനിച്ചായി, അത് ഹൃദയഭേദകമായി, അധികം ശക്തിയോടെ കർത്താവായ യേശുവിന്റെ സുവിശേഷം ബർമ്മയിൽ സുവിശേഷിച്ചു പോന്നു. താൻ കൂടുതൽ ഉത്സാഹത്തോടും താല്പര്യത്തോടും ബൈബിളിന്റെ തർജ്ജമ ബർമ്മൻ ഭാഷയിലേക്ക് ചെയ്തു. ബർമ്മയിലെ സാധാരണക്കാരോട് സുവിശേഷം അറിയിച്ചു കൊണ്ടിരുന്നു. 1840-ൽ ആ വലിയ ദൗത്യം ബൈബിൾ തർജ്ജമ പൂർത്തിയാക്കി. തന്റെ ജീവിതത്തിന്റെ ഏറ്റവും വലിയ സംഭാവനയായി, ബർമ്മീസ് ജനതയ്ക്കുവേണ്ടിയുള്ള ഏറ്റവും വലിയ ദൗത്യമായി ഇത് ചെയ്തു തീർത്തു. ഈ കാലയളവിൽ നൂറിൽ അധികം ബർമ്മയിലെ സാധാരണയാളുകളെ ജഡ്സൻ സ്നാനപ്പെടുത്തി.

1845 ഒക്ടോബറിൽ, മുപ്പത്തീ മൂന്ന് വർഷത്തെ പ്രവർത്തനത്തിനു ശേഷം ആദ്യമായി ജഡ്സൻ അമേരിക്കയിലുള്ള തന്റെ വീട്ടിലേയ്ക്ക് മടങ്ങി. എന്നിട്ടും വീടില്ലാത്തവനായി ഒൻപത് മാസം താമസിച്ചു. ഇതിനകം തന്റെ പേര് ലോകത്തിൽ പ്രസിദ്ധമായി കഴിഞ്ഞിരുന്നു. സഭകൾ അദ്ദേഹത്തെ ഒന്നു കാണുവാനും അദ്ദേഹത്തിൽ നിന്നു കേൾക്കുവാനും ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ വീട് ബർമ്മയായിരുന്നു, ആ നാടിനെ ജഡ്സൻ വളരെയധികം സ്നേഹിച്ചു. ഇത് തന്റെ ആദ്യത്തെയും അവസാനത്തെയും അമേരിക്കൻ സന്ദർശനമായിരുന്നു.

ജഡ്സൻ ബർമ്മയിലേക്ക് വന്നു ഒരു ബർമ്മീസ് ഡിക്ഷണറിയുടെ തർജ്ജമ ഏറ്റെടുത്തു. അദ്ദേഹം ഓരോ ദിവസവും മണിക്കൂറുകൾ തർജ്ജമയ്ക്കുവേണ്ടി ചെലവഴിച്ചു, അപ്പോൾ തന്നെ ബർമ്മീസ് ജനതയോട് സുവിശേഷം പ്രസംഗിപ്പാനും സമയം വേർതിരിച്ചു.

വിശ്രമമില്ലാത്ത തന്റെ പ്രവർത്തന ഫലമായി ജഡ്സന്റെ ശരീരം ബലഹീനമായിത്തീർന്നു. ഡോക്ടർമാർ പലതവണ തന്റെ ആരോഗ്യം സംരക്ഷിക്കണം എന്ന് തന്നെ ഉപദേശിച്ചു. ഒരിക്കൽ ഫ്രാൻസിലേക്കുള്ള യാത്രയിൽ, ദൈവം തന്റെ വിശ്വസ്തദാസനെ തന്റെ സന്നിധിയിൽ വിശ്രമത്തിനായി വിളിച്ചു. 1850-ൽ അഡോണിറാം ജഡ്സൻ മരിച്ചു തന്റെ ശരീരം സമുദ്രത്തിൽ അടക്കി. താൻ മരിക്കുമ്പോൾ അറുപത്തിമൂന്ന് സഭകൾ ബർമ്മയിലും കാരൻസിലും ആയി താൻ സ്ഥാപിച്ചു കഴിഞ്ഞിരുന്നു. ബർമ്മയിൽ സുവിശേഷീകരണത്തിനും സഭാസ്ഥാപനത്തിനും അടിസ്ഥാനമിടുവാൻ അദ്ദേഹത്തിനിടയായി. അത് ആർക്കും മറക്കുവാൻ കഴിയുകയില്ല. ഏല്പിച്ച വേല പൂർത്തീകരിച്ച് അഡോണിറാം ജഡ്സൻ അക്കരെ നാട്ടിലേക്ക് പോയി. അത് ദൈവനാമത്തിന്റെ മഹത്വത്തിനായി നിത്യത വരെയും ഓർക്കും. ❖

കർത്താവിനെ അറിയുന്നത്

By Austin Sparks

വലിയവനായ ദൈവത്തിന്റെ ആഗ്രഹം നാം ദൈവത്തെ അറിയേണം എന്നുള്ളതാണ്. പരിചയങ്ങൾ, പരിശോധനകൾ, കുഴഞ്ഞു മറിഞ്ഞ അനുഭവങ്ങൾ, കുറവുകൾ പ്രഖ്യാപനങ്ങൾ, പിരിമുറുക്കങ്ങൾ, ചാഞ്ചാട്ടങ്ങൾ, സമ്മർദ്ദങ്ങൾ എല്ലാം ജീവിതത്തിലുണ്ട്. ആത്മാവിന്റെ വിശുദ്ധീകരണം നടക്കുമ്പോൾ, കൃപയുടെ പ്രവൃത്തി നമ്മിൽ നടക്കുമ്പോൾ, മലിനതകൾ നീക്കം ചെയ്യുന്ന പ്രവൃത്തിയിൽ തീയുടെ അനുഭവങ്ങളിൽ, ഇവയുടെയെല്ലാം ഒടുവിൽ നാം ദൈവത്തെ അറിയേണം.

നമ്മുടെ മനസ് പലപ്പോഴും നമ്മുടെ ഔദ്യോഗിക ജീവിതങ്ങളിലോ, ജോലികാര്യങ്ങളിലോ മുഴുകാറുണ്ട്; നമ്മുടെ ജീവിതത്തിന്റെ പ്രധാന ലക്ഷ്യം കർത്താവിനു വേണ്ടി ചെയ്യുന്ന വേലയാണ്. കർത്താവിന്റെ വേലയാണ് നമ്മുടെ ജീവിതത്തിന്റെ വേല എന്ന് നാം ചിന്തിക്കാറുണ്ട്. അതിനുവേണ്ടി വചനപഠനവും അറിവും ആവശ്യമാണ്. ആത്മാക്കളെ നേടുക, അഥവാ വിശ്വാസികളെ പഠിപ്പിക്കുക, അല്ലെങ്കിൽ വേലയ്ക്കു വേണ്ടി ആളുകളെ ഒരുക്കുക ഇവയൊക്കെ വേലയുടെ ഭാഗങ്ങളാണ്. വേദപുസ്തക പഠനവും വചനത്തിലുള്ള പരിജ്ഞാനവും കഴിവുകളും കർത്താവിന്റെ വേലയ്ക്കുവേണ്ടിയുള്ള പ്രധാനപ്പെട്ട കാര്യങ്ങളാണ്.

എല്ലാ നന്മയും കർത്താവിന്റെ വേലയ്ക്ക് പ്രധാനപ്പെട്ട ഘടകങ്ങളാണ്; എന്നാൽ, കർത്താവിനെ അറിയുന്നതിൽ നിന്നും നാം പിന്മാറുന്നു എങ്കിൽ അത് നന്നല്ല. കർത്താവിന്റെ വചനത്തെ ശരിയായി ഗ്രഹിക്കുന്നത് വളരെ സാധ്യമാണ്. ഉപദേശത്തെക്കുറിച്ചുള്ള ശരിയായ അറിവും ആവശ്യമാണ്; വിശ്വാസത്തിന് വേണ്ടി ഉറച്ചു നിൽക്കണം; കർത്താവിന്റെ വേലയിൽ ഉറച്ചു നിൽക്കണം. മനുഷ്യരുടെ രക്ഷക്കായി നിരന്തരം പ്രാർത്ഥിക്കുന്നവനായിരിക്കേണം, അതിന് ദൈവത്തെക്കുറിച്ച് വ്യക്തവും വ്യക്തിപരവുമായ അറിവ് അത്യാവശ്യമാണ്. അതുകൊണ്ട് പലപ്പോഴും ദൈവം നമ്മുടെ വേല നമ്മിൽ നിന്ന് എടുത്തുകളയാറുണ്ട്, നാം ദൈവത്തെ നിരന്തരം അന്വേഷിക്കുന്നതിന് വേണ്ടി. പരമാവധി മൂല്യം എന്നത്, നാം നൽകുന്ന വേലയുടെ വ്യാപ്തി അല്ല, നാം അവകാശമാക്കിയിരിക്കുന്ന സത്യത്തിന്റെ അളവല്ല, എന്നാൽ കർത്താവിനെ ആഴം അനുസരിച്ചാണ് കൂടുതൽ കൂടുതൽ ആഴങ്ങളിൽ ശക്തമായ വഴികളിലൂടെ....

❖

ദൈവത്തെ പ്രസാദിപ്പിക്കുവാൻ ജീവിക്കുന്നു

By Richard Baxter

ഓർക്കുക, ദൈവത്തെ മഹത്വപ്പെടുത്തുക എന്നതാണ് ലോകജീവിതത്തിൽ നമ്മുടെ കടമ, അങ്ങനെ മഹത്വപ്പെടുത്തുമ്പോൾ, ആരെല്ലാം നമുക്ക് എതിരായിരുന്നാലും ദൈവം നമ്മിൽ പ്രസാദിച്ച് നമ്മുടെ ആത്മാവിൽ സംരക്ഷണവും, വിശ്രമവും, പൂർണ്ണ സംതൃപ്തിയും തരുന്നു. ദൈവം നമുക്ക് മതിയായവൻ, തന്റെ സംരക്ഷണവും കാവലും നമ്മുടെ ഓഹരിയും പ്രതിഫലവും ആകുന്നു. നേരോടെ ജീവിക്കുന്നവർക്ക് ജീവിതം മധുരവും സംരക്ഷണവും ആകുന്നു. നമുക്കു വേണ്ടുന്നതൊക്കെയും ചെയ്തു തരുന്നു. ലോകത്തിൽ കരുണയോടെ പുലർത്തുന്ന ദൈവം എത്ര നല്ലവൻ, ജയകരമായി നടത്തുന്ന, ദൈവത്തെ നമ്മുടെ ദൈവമായി സ്വീകരിച്ച്, കർത്താവും ദൈവവും ന്യായാധിപതിയും, ഓഹരിയും എല്ലാറ്റിനും എല്ലാം ആയി കൂടെയിരിക്കുന്നു.

ദൈവഹിതപ്രകാരം നാം ജീവിക്കുമ്പോൾ നാം പ്രധാനമായി അന്വേഷിക്കുന്ന, നമ്മെ സംതൃപ്തരാക്കുന്ന കാര്യങ്ങൾ ഈ അടയാളങ്ങളാൽ നിങ്ങൾ കണ്ടുപിടിക്കും.

1. നിങ്ങൾ സൂക്ഷ്മമായി തിരുവചനം പഠിക്കുമ്പോൾ, ദൈവത്തെ പ്രസാദിപ്പിക്കുന്നത് എന്ത് പ്രസാദിപ്പിക്കാത്തത് എന്ത് എന്ന് മനസിലാക്കാൻ കഴിയും.

2. നിങ്ങൾ അതീവശ്രദ്ധയോടെ ചെയ്യുന്ന ഓരോ ചുമതലകളും, മനുഷ്യനെക്കാളുപരി ദൈവത്തിന് യോജിച്ചത് എന്നു എന്ത് തിരിച്ചറിയാൻ കഴിയും.

3. നിങ്ങളുടെ ഹൃദയങ്ങളിലേക്ക് നോക്കുമ്പോൾ, പ്രവൃത്തികളിൽ മാത്രമല്ല; നമ്മുടെ പൂർത്തീകരണങ്ങളിൽ, ചിന്തകളിൽ, നമ്മുടെ അകമെയുള്ള നിലവാരങ്ങളിൽ.

4. നമ്മുടെ രഹസ്യ ജോലികളിൽ മാത്രമല്ല, പൊതുവിലും നാം നോക്കുമ്പൾ, മനുഷ്യർക്കു കാണാൻ കഴിയാത്തതും കാണാൻ കഴിയുന്നതുമായ കാര്യങ്ങൾ.

5. നിങ്ങളുടെ മനസാക്ഷിയെ നിങ്ങൾ ബഹുമാനിക്കുമ്പോൾ, അവരോട് ചേർന്നു ചിലത് ചെയ്യുവാൻ നിങ്ങൾ താൽപര്യപ്പെടുമ്പോൾ, ചെറുതായി നാ ചെയ്യുകയില്ല; അവർ നിങ്ങളെ അശാന്തരാക്കും; അവർ ദൈവത്തെക്കുറിച്ച് നല്ല കാര്യങ്ങൾ പറയുമ്പോൾ, അത് നിങ്ങളെ സന്തോഷിപ്പിക്കും.

6. നിങ്ങൾ മനുഷ്യനെ സന്തോഷിപ്പിക്കുമ്പോൾ അവരുടെ നന്മ, ഭക്തി ഇവ ദൈവത്തെ പ്രസാദിപ്പിക്കുന്നു, നമ്മുടെ അഹങ്കാരവും നമ്മുടെ ലക്ഷ്യവും ദൈവത്തെ പ്രസാദിപ്പിക്കുകയില്ല.

7. മനുഷ്യൻ നമ്മിൽ സന്തോഷിച്ചാലും ഇല്ലെങ്കിലും, അഥവാ നമ്മെക്കുറിച്ച് അവർ എന്തു പറഞ്ഞാലും എങ്ങനെ നമ്മെ വിളിച്ചാലും, നിങ്ങളിൽ എന്തെങ്കിലും ഉണ്ട് എന്ന് തോന്നിയാലും, അവരുടെ സ്വന്ത താൽപര്യത്തിൽ, ദൈവത്തിന്റെ ന്യായവിധിക്ക് കാരണമായിത്തീരും. അവരുടെ ഇഷ്ടത്തിനല്ല നിങ്ങൾ ജീവിക്കുന്നത്. നിങ്ങൾക്ക് അവരുടെ സന്തോഷമില്ലായ്മ വഹിപ്പാൻ കഴിയും, വിമർശനങ്ങൾ, നിരാശപ്പെടുത്തുന്ന അനുഭവങ്ങൾ, എന്നാൽ ദൈവം നമ്മോടുകൂടെയുണ്ടെങ്കിൽ ഭയപ്പെടുവാനില്ല.

❖

ദൈവത്തിന് കഴിയും

തന്റെ അടുക്കൽ വരുന്ന എല്ലാവരെയും രക്ഷിപ്പാൻ അവിടുത്തേക്കു കഴിയും. “അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോടടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്യാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു” (എബ്രാ. 7:25).

വിശുദ്ധീകരിപ്പാൻ ദൈവത്തിന് കഴിയും. വീഴാതെ വണ്ണം നിങ്ങളെ സൂക്ഷിച്ചു. തന്റെമഹിമാസന്നിധിയിൽ

(ശേഷം 10-ാംപേജിൽ)

(9-ാംപേജിന്റെ തുടർച്ച)

ദൈവത്തിന് കഴിയും

കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിർത്തുവാൻ ശക്തിയുള്ളവനു, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമ്മുടെ രക്ഷിതാവായ ഏക ദൈവത്തിനു തന്നെ, സർവ്വ കാലത്തിന് മുമ്പും ഇപ്പോഴും സദാ കാലത്തോളവും തേജസും, മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ ” ആമേൻ.

നമ്മുടെ ഓരോ ബലഹീനതകളിലും വിജയം നൽകി ശക്തീകരിക്കുവാൻ ദൈവത്തിനു കഴിയും. “ അവൻ നിൽക്കും താനും, അവനെ നിൽക്കുമാറാക്കുവാൻ കർത്താവിന് കഴിയുമല്ലോ ” (റോമ. 14:4).

ഫലവത്തായ സേവനത്തിനുവേണ്ടി ശക്തീകരിക്കുവാൻ ദൈവത്തിന് കഴിയും. “ നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണ തൃപ്തിയുള്ളവരായി സകല സൽപ്രവൃത്തിയിലും പെരുകിവരുമാറ് നിങ്ങളിൽ സകല കൃപയും പെരുക്കുവാൻ ദൈവം ശക്തനാകുന്നു ” (2 കൊരി. 9:8).

പരീക്ഷയിൽ വിടുതൽ തരുവാൻ ദൈവത്തിന് കഴിയും. “ താൻ തന്നെ പരീക്ഷിതനായി കഷ്ടം അനുഭവനിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവരെ പൂർണ്ണമായി സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു. ” (എബ്രാ. 2:18).

അപകടങ്ങളിൽ സംരക്ഷണ ചെയ്യുവാൻ ദൈവത്തിന് കഴിയും? ഞങ്ങൾ സേവിക്കുന്ന “ ദൈവത്തിന് ഞങ്ങളെ വിടുവിപ്പാൻ കഴിയും എങ്കിൽ അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കയ്യിൽ നിന്നും വിടുവിക്കും ” (ദാനി. 3:17).

തന്നെ അനുസരിക്കുന്ന തന്റെ മക്കളുടെ ആവശ്യങ്ങളിൽ സഹായിക്കുവാൻ നമ്മുടെ ദൈവത്തിന് കഴിയും. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ട് ദൈവത്തിന് മഹത്വം കൊടുത്തു. അവൻ വാഗ്ദത്തം ചെയ്തത് പ്രവർത്തിപ്പാനും ശക്തൻ എന്ന് പൂർണ്ണമായി ഉറച്ചു ” (റോമ. 4:20,21).

ഉറപ്പു: എന്നാൽ “ ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്യാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന് സഭയിലും ക്രിസ്തയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ”. ആമേൻ.

❖

ദൈവത്തിന്റെ വചനം ഒരു തെളിവുള്ള വെളിച്ചമായി പ്രകാശിക്കട്ടെ

By Lois J Stucky

ദൈവം സംസാരിച്ച് എഴുതപ്പെട്ട വചനം, “ വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു ” (ഉല്പ. 1:3). എത്ര പ്രധാനമാണ് വെളിച്ചം എന്നത്! നാം നടക്കേണ്ടുന്ന വഴി പ്രകാശം നമുക്ക് കാണിച്ചു തരുന്നു. ഇത് ഭയം അകറ്റി ഇരുട്ടിന്റെ അപകടത്തെ തിരിച്ചറിയുന്നു. ഇതു നമ്മെ ആശ്വസിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്നു. ഇത് ജീവനെ പോഷിപ്പിക്കുകയും ആരോഗ്യത്തെയും വളർച്ചയെയും സഹായിക്കുന്നു.

ദുഷ്ടത ഇരുളിനെ സ്നേഹിക്കുന്നു. ഇത് ഇരുളിൽ സന്തോഷിക്കുന്നു. വെളിച്ചം പ്രകാശിക്കുമ്പോൾ ഇരുൾ ഓടിപ്പോകുന്നു. എത്ര പ്രധാനമാണ്, അപ്പോൾ ഇരുൾ അധികമായി വർദ്ധിച്ചു വരുന്ന ഈ സമയത്ത് ദൈവവചനത്തിന്റെ വെളിച്ചം പ്രകാശിക്കുന്നത്!

ദൈവത്തിന്റെ വചനം മങ്ങി പ്രകാശിക്കുന്ന ഒരു ടോർച്ച് അല്ല, അത് എപ്പോഴും പുറത്ത് എല്ലാടവും പ്രകാശിക്കേണം. ഇത് ദൈവത്തിനായി സംരക്ഷിച്ചിരിക്കുന്ന നിത്യമായ പ്രകാശമാണ്. അതിന്റെ എല്ലാ വിധ സൗന്ദര്യത്തോടും തെളിച്ചത്തോടും പ്രാധാന്യത്തോടും എന്നും എന്നേയ്ക്കും പ്രകാശിക്കും.

എഴുതപ്പെട്ട ദൈവവചനം, പ്രിയ ക്രിസ്തീയ സഹോദരാ, ഈ വെളിച്ചത്തെ അനുഭവമാക്കുക എന്നത് നമ്മുടെ പദവിയാണ്, ഇരുട്ടിൽ ആയിരിക്കുന്ന അനേകർക്കുവേണ്ടി ഇതിനെ നാം പങ്കുവയ്ക്കേണ്ടതുമാകുന്നു. 1 സ്തോതം! ഈ പദവി ഭാഗികമായിട്ടല്ല നമ്മുടെ ജീവിതത്തിൽ എടുക്കേണ്ടത്. ദൈവവചനം വായിക്കുവാനും മന:പാഠമാക്കുവാനും നാം ധാരാളം ശ്രദ്ധകൊടുക്കേണ്ടതാണ്. ഇന്നിന്റെ ദൗത്യമായി അവസങ്ങളെ അധികം പ്രയോജനപ്പെടുത്തുവാൻ ഉത്സാഹിക്കാം. അനേകർക്ക് ഈ മാറ്റമില്ലാത്ത വചനം ശുശ്രൂഷിക്കുവാൻ നാളേയ്ക്കുവേണ്ടി കൈമാറുവാനും നമുക്ക് ഉത്സാഹിക്കാം.

മനസിൽ ഇതിനെ സൂക്ഷിക്കാം. കെട്ടിടങ്ങൾ നശിച്ചുപോകും; പട്ടണങ്ങൾ തീക്കിരയായിത്തീരും; സംസ്ക്കാരങ്ങൾ കടന്നുപോകും. ദൈവവചനം എന്നേയ്ക്കും നിലനിൽക്കും! നമുക്കതിനെ ബുദ്ധിയോടെ വ്യാപാരം ചെയ്യാം! ഈ അനുഗ്രഹിക്കപ്പെട്ട നിത്യജീവന്റെ വചനത്തിന് നമ്മുടെ ഹൃദയത്തെ, മനസിനെ സമയത്തെ, ആരോഗ്യത്തെ, നമുക്കു ദൈവം തന്നെ സമ്പത്തിനെ ഏല്പിച്ചുകൊടുക്കാം! ❖